എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

وَيُنذِرَ ٱلَّذِينَ قَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ﴿٤﴾

**4.** ഈ വേദമവതരിപ്പിച്ചിട്ടുള്ളത്, ദൈവം പുത്രനെ വരിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നവരെയും താക്കീതു ചെയ്യാനാകുന്നു.

مَّا لَهُم بِهِۦ مِنْ عِلْمٍ وَلَا لِءَابَآئِهِمْ ۚ كَبُرَتْ كَلِمَةً تَخْرُجُ مِنْ أَفْوَٰهِهِمْ ۚ إِن يَقُولُونَ إِلَّا كَذِبًا ﴿٥﴾

**5.** അപ്രകാരം വാദിക്കുന്നവർക്ക് അതെക്കുറിച്ച് യാതൊരു ജ്ഞാനവുമില്ല. അവരുടെ പൂർവപിതാക്കൾക്കും ഉണ്ടായിരുന്നില്ല. അവരുടെ വായ്കളിൽ നിന്നുതിരുന്നത് ഗുരുതരമായ വർത്തമാനമാകുന്നു. കേവലം കള്ളമാണവർ പറയുന്നത്.

فَلَعَلَّكَ بَٰخِعٌ نَّفْسَكَ عَلَىٰٓ ءَاثَٰرِهِمْ إِن لَّمْ يُؤْمِنُوا۟ بِهَٰذَا ٱلْحَدِيثِ أَسَفًا ﴿٦﴾

**6.** പ്രവാചകാ, ജനം ഈ സന്ദേശത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ നീ അവർക്കു പുറകെ ദുഃഖപാരവശ്യത്താൽ ജീവൻ കളഞ്ഞേക്കും.

إِنَّا جَعَلْنَا مَا عَلَى ٱلْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ﴿٧﴾

**7.** യാഥാർഥ്യമിതാണ്. ഭൂമിയിലുള്ളതൊക്കെയും അതിന്നലങ്കാരമായി നാം പടച്ചുവെച്ചിരിക്കുന്നു; മർത്യരിൽ നന്നായി കർമം ചെയ്യുന്നവരാരെന്നു പരീക്ഷിക്കുന്നതിനുവേണ്ടി.

وَإِنَّا لَجَٰعِلُونَ مَا عَلَيْهَا صَعِيدًا جُرُزًا ﴿٨﴾

**8.** ഒടുവിൽ ഇതൊക്കെയും തരിശായ സമതലമാക്കി നാം മാറ്റുന്നതുമാകുന്നു.

وَيُنذِرَ = താക്കീതു ചെയ്യാൻ(ആകുന്നു) ٱلَّذِينَ قَالُوا۟ = വാദിച്ചവരെയും ٱتَّخَذَ ٱللَّهُ = ദൈവം വരിച്ചിരിക്കുന്നു(എന്ന്)
وَلَدًا = പുത്രനെ مَّا لَهُم = അവർക്ക് (അപ്രകാരം വാദിക്കുന്നവർക്ക്) ഇല്ല بِهِۦ = അതെക്കുറിച്ച്
مِنْ عِلْمٍ = യാതൊരു ജ്ഞാനവും وَلَا لِءَابَآئِهِمْ = അവരുടെ പൂർവ പിതാക്കൾക്കും ഇല്ല (ഉണ്ടായിരുന്നില്ല)
كَبُرَتْ = ഗുരുതരമാ(യ)യിരിക്കുന്നു كَلِمَةً = വാക്കാൽ (വർത്തമാനമാകുന്നു) تَخْرُجُ = പുറപ്പെടുന്നു (ഉതിരുന്നത്)
مِنْ أَفْوَٰهِهِمْ = അവരുടെ വായ്കളിൽനിന്ന് إِن يَقُولُونَ = അവർ പറയു(ന്നത്)ന്നില്ല
إِلَّا كَذِبًا = കള്ളമല്ലാതെ (കേവലം കള്ളമാകുന്നു)
فَلَعَلَّكَ بَٰخِعٌ نَّفْسَكَ = നീ നിന്നെത്തന്നെ നശിപ്പിക്കുന്നവനായേക്കും (നീ ജീവൻ കളഞ്ഞേക്കും)
عَلَىٰٓ ءَاثَٰرِهِمْ = അവരുടെ അടയാളങ്ങളിന്മേൽ, അവർക്കു പുറകെ

| | |
|---|---|
| إِن لَّمْ يُؤْمِنُوا۟ = അവര്‍ (ഈ ജനം) വിശ്വസിച്ചി(ക്കുന്നി)ല്ലെങ്കില്‍ | |
| بِهَـٰذَا ٱلْحَدِيثِ = ഈ വര്‍ത്തമാന(സന്ദേശ)ത്തില്‍ | أَسَفًا = ദുഃഖ(പാരവശ്യ)ത്താല്‍ |
| إِنَّا جَعَلْنَا = നാം ആക്കി(പടച്ചുവെച്ചിരിക്കുന്ന) | مَا عَلَى ٱلْأَرْضِ = ഭൂമിയിന്മേലുള്ളത് (ഒക്കെയും) |
| زِينَةً لَّهَا = അതിന്ന് അലങ്കാരമായിട്ട് | لِنَبْلُوَهُمْ = നാം അവരെ (മര്‍ത്ത്യരെ) പരീക്ഷിക്കുന്നതിനുവേണ്ടി |
| أَيُّهُمْ = അവരില്‍ ആരാണ് | أَحْسَنُ = ഏറ്റം നന്നാ(യി)യവന്‍ / عَمَلًا = കര്‍മ(ം ചെയ്യുന്നവരെന്ന്)ത്താല്‍ |
| وَإِنَّا لَجَـٰعِلُونَ = (ഒടുവില്‍) തീര്‍ച്ചയായും നാം ആക്കുന്നവനാകുന്നു (മാറ്റുന്നതുമാകുന്നു) | |
| مَا عَلَيْهَا = അതിന്മേലുള്ളത് (ഇതൊക്കെയും) | صَعِيدًا = സമതലം, പ്രതലം |
| جُرُزًا = തരിശായ, ശൂന്യമായ | |

**4-5.** മുന്‍ സൂക്തങ്ങള്‍, സത്യ-ധര്‍മങ്ങള്‍ നിഷേധിക്കുന്നവര്‍ക്ക് പൊതുവായുള്ള താക്കീതാണ് ഖുര്‍ആന്‍ എന്നുണര്‍ത്തിയല്ലോ. മുമ്പിലുള്ള ബഹുദൈവ വിശ്വാസികളെ പ്രത്യേകം എടുത്തുപറഞ്ഞു താക്കീതു ചെയ്യുകയാണീ സൂക്തം. ദൈവം പുത്രനെ വരിച്ചിരിക്കുന്നു എന്നു വാദിച്ചവരില്‍ അറേബ്യന്‍ വിഗ്രഹാരാധകരും യഹൂദരും ക്രൈസ്തവരും ഉള്‍പ്പെടുന്നു. മലക്കുകളെല്ലാം ദൈവത്തിന്റെ മക്കളാണെന്നാണ് വിഗ്രഹാരാധകരുടെ വിശ്വാസം. ഉസൈര്‍ ദൈവപുത്രനാണെന്ന് യഹൂദര്‍ വാദിച്ചു. ഈസാ മസീഹ് ദൈവപുത്രനാണെന്ന് ക്രൈസ്തവരും വാദിക്കുന്നു. ദൈവം പുത്രനെ വരിച്ചു എന്നതില്‍, ജനിപ്പിച്ച പുത്രന്മാരും പുത്രനായി ദത്തെടുത്തവരും പെടുന്നു. ഈ രണ്ടു രൂപത്തിലുള്ള പുത്രസങ്കല്‍പത്തെയും നിഷേധിച്ചിരിക്കുകയാണിവിടെ. യാതൊരു ജ്ഞാനവും مِنْ عِلْمٍ എന്ന വാക്കില്‍ വേദജ്ഞാനവും അനുഭവ ജ്ഞാനവും പെടുന്നു.

വചന താല്‍പര്യമിതാണ്: ദൈവത്തിന്റെ ഏകത്വം നിഷേധിച്ചുകൊണ്ട് അവന്ന് പുത്രന്മാരെ സങ്കല്‍പ്പിക്കുകയും അവനെ വെടിഞ്ഞ് ഭക്തിയും ആരാധനയും ആ സാങ്കല്‍പിക പുത്രന്മാരിലര്‍പ്പിക്കുകയും ചെയ്യുന്നവരെ അല്ലാഹുവിന്റെ ഊറ്റമേറിയ ശിക്ഷ കൊണ്ട് പ്രത്യേകം താക്കീതു ചെയ്യുന്നു. ദൈവം പുത്രനെ ജനിപ്പിച്ചു, അല്ലെങ്കില്‍ ആരെയെങ്കിലും പുത്രനായി ദത്തെടുത്തു എന്ന വാദത്തിന് യാതൊരടിസ്ഥാനവുമില്ല. അവര്‍ക്ക് അങ്ങനെയൊരനുഭവജ്ഞാനമില്ല. ഒരു വേദപ്രമാണവും അപ്രകാരം പഠിപ്പിക്കുന്നില്ല. അതു സാക്ഷ്യപ്പെടുത്തുന്ന മറ്റു തെളിവുകളുമില്ല. ഇതൊന്നുമില്ലാതെ പ്രപഞ്ചവിധാതാവിനെക്കുറിച്ച് തന്നിഷ്ടപ്രകാരം ഓരോ വാദങ്ങള്‍ സ്വയം കെട്ടിച്ചമച്ച്, അല്ലെങ്കില്‍ പൂര്‍വികര്‍ കെട്ടിച്ചമച്ചത് പറയുന്നതും ആചരിക്കുന്നതും അതീവ ഗുരുതരമായ സംഗതിയാണ്. അല്ലാഹുവിനെക്കുറിച്ച് പച്ചക്കള്ളം പ്രചരിപ്പിക്കുകയാണവര്‍. അസത്യമെന്നതിനു പുറമെ കടുത്ത ദൈവനിന്ദയുമാണത്. ദൈവത്തിന് അവന്റെ സൃഷ്ടികളെപ്പോലെ പുത്രകളത്രങ്ങളെ ആരോപിക്കുന്നത് ദൈവം എല്ലാ നിലക്കും ഏകനും വ്യതിരിക്തനും അതുല്യനുമാണെന്ന സത്യത്തിന്റെ നിഷേധവും ദൈവത്തെ അവന്റെ സൃഷ്ടികളുടെ തലത്തിലേക്ക് തരംതാഴ്ത്തലുമാകുന്നു. ദൈവത്തെ വെടിഞ്ഞ് 'ദൈവമക്കളെ' ആരാധിക്കാന്‍ തുടങ്ങുന്നതോടെ ഈ ദൈവനിന്ദ അവരുടെ ജീവിതത്തെ പൂര്‍ണമായി വഴിതെറ്റിക്കുന്നു. ദൈവത്തിനു മക്കളെ ആരോപിക്കുകയും ആ മക്കളെ ആരാധിക്കുകയും ചെയ്യുന്നവര്‍ ദൈവത്തിന്റെ അടിമകള്‍ മാത്രമായ സൃഷ്ടികളെ ദൈവത്തിന്റെ സ്ഥാനത്തേക്കുയര്‍ത്തുകയാണ്. ദൈവത്തെ അവഹേളിക്കലാണതും. സൃഷ്ടികള്‍ സാക്ഷാല്‍ ദൈവമല്ലാത്ത ആരെ ആരാധിച്ചാലും യഥാര്‍ഥത്തില്‍ ആരാധിക്കപ്പെടുന്നത് ചെകുത്താനാണ്, അനുസരിക്കപ്പെടുന്നത് പൈശാചിക ദുര്‍ബോധനങ്ങളാണ്. ദൈവത്തെ വിട്ട് അവന്റെ സൃഷ്ടികളെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്തവര്‍ അതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരിക തന്നെ ചെയ്യും.

ദൈവത്തിന്റെ മക്കളെന്ന പേരിലോ മറ്റു പേരുകളിലോ ദൈവേതരന്മാരെ ആരാധിക്കുന്നവര്‍ സാധാരണ ഉന്നയിക്കാറുള്ള ന്യായം, ഇത് ഞങ്ങള്‍ക്ക് പൂര്‍വികരില്‍നിന്നു ലഭിച്ച പൈതൃകമാണ്, തങ്ങളുടെ പരമ്പരാഗതമായ ആചാര വിശ്വാസങ്ങളാകുന്നു എന്നാണ്. തങ്ങളുടെ പൂര്‍വികര്‍ മഹാന്മാരും സംപൂജ്യരുമായിരുന്നു. തെറ്റായ ആചാരങ്ങളോ വിശ്വാസങ്ങളോ അവര്‍ ആവിഷ്കരിച്ചു നിലനിര്‍ത്തുകയില്ല. പൂര്‍വികരോട് അതിയായ ആദരവുള്ളവരും അവരുടെ പാരമ്പര്യത്തില്‍ അഭിമാനം കൊള്ളുന്നവരുമാണവര്‍. ഈ നിലപാടിനെ ഖണ്ഡിക്കുകയാണ് അവരുടെ പൂര്‍വ പിതാക്കള്‍ക്കും ജ്ഞാനമുണ്ടായിരുന്നില്ല- وَلَا لِآبَائِهِمْ -എന്ന വാക്കിലൂടെ. പൂര്‍വികരില്‍നിന്ന് പാരമ്പര്യമായി ലഭിച്ചതുകൊണ്ട് മാത്രം ഒരു കാര്യം സത്യവും ധര്‍മവുമാകുന്നില്ല. ബുദ്ധിയുടെയും പ്രമാണത്തിന്റെയും ഉരകല്ലില്‍ മാറ്റുരച്ചു നോക്കിയാണ് ആചാര വിശ്വാസങ്ങളുടെ മൂല്യം നിര്‍ണയിക്കേണ്ടത്. ബഹുദൈവത്വം ആചരിച്ചുവന്ന പൂര്‍വികര്‍ അല്ലാഹുവിങ്കല്‍ നിന്നവതരിച്ച വേദപ്രമാണങ്ങള്‍ പഠിച്ചിട്ടോ പ്രവാചക സന്ദേശങ്ങള്‍ ഉള്‍ക്കൊണ്ടിട്ടോ അല്ല ഈ ആചാരങ്ങള്‍ ആവിഷ്കരിച്ചിട്ടുള്ളത്. ബുദ്ധിപൂര്‍വം ആലോചിച്ചു കണ്ടെത്തിയതുമല്ല. ആണെങ്കില്‍ ഈ ആചാരത്തോടൊപ്പം അതിന്റെ പ്രമാണങ്ങളും ന്യായങ്ങളും കൂടി അവര്‍ പില്‍ക്കാലക്കാര്‍ക്കു കൈമാറുമായിരുന്നു. ദൈവത്തെ ആരാധിക്കുകയും അവന്റെ ശാസനകളനുസരിക്കുകയും ചെയ്യുന്നതിനുപകരം സ്വന്തം താല്‍പര്യങ്ങളെയും അഭിനിവേശങ്ങളെയും സാധൂകരിക്കുന്ന ദൈവങ്ങളെ സ്വയം സൃഷ്ടിക്കുകയും ആരാധിക്കുകയും ചെയ്യുക എന്ന ഭീമാബദ്ധമാണവര്‍ ചെയ്തത്.

**6.** ഖുര്‍ആന്‍ പ്രബോധനം ചെയ്യാനിറങ്ങിയ പ്രവാചകന്‍ ഖുറൈശികളില്‍നിന്ന് കൊടിയ നിഷേധവും രൂക്ഷമായ എതിര്‍പ്പും നേരിടേണ്ടിവന്ന പശ്ചാത്തലത്തില്‍ അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയാണീ സൂക്തം. لعلّ യോട് മധ്യമപുരുഷ സര്‍വനാമമായ ك ചേര്‍ന്നതാണ് لعلّك. പ്രതീക്ഷയെ സൂചിപ്പിക്കാനാണ് لعلّ സാധാരണ ഉപയോഗിക്കാറുള്ളത്. ചിലപ്പോള്‍ നിഷേധം സൂചിപ്പിക്കാനും ചിലപ്പോള്‍ താക്കീത് സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നു. ഇവിടെ ഉദ്ദേശ്യം താക്കീതാണ്. بخع ല്‍ നിന്നുത്ഭവിച്ച بخع എന്ന ക്രിയയുടെ കര്‍തൃപദമാണ് باخع. പിരടിയുടെ ഭാഗത്തുള്ള ഞരമ്പാണ് بخاع. ജന്തുക്കളെ കശാപ്പു ചെയ്യുമ്പോള്‍ ആ ഞരമ്പു വരെ അറുത്താല്‍ بَخَعَ എന്ന് പറയും. പൂര്‍ണമായി അറുത്തു എന്നര്‍ഥം. ക്രൂരമായി കൊന്നു, നശിപ്പിച്ചു എന്നു പ്രയോഗാര്‍ഥവുമുണ്ട്. اثر ന്റെ ബഹുവചനമാണ് آثار. ഇളകിയ മണ്ണിലൂടെ നടന്നുപോകുന്നവര്‍ അവശേഷിപ്പിക്കുന്ന കാല്‍പാടാണ് اثر. നാടോടികള്‍ അവരുടെ താമസ സ്ഥലം വിട്ടുപോകുമ്പോള്‍ അവശേഷിപ്പിക്കുന്ന അടുപ്പുകല്ലുകള്‍, വെണ്ണീര്‍, വിറകുകഷ്ണങ്ങള്‍ തുടങ്ങിയ അവശിഷ്ടങ്ങളെ കുറിക്കാനും ഈ പദം ഉപയോഗിക്കാറുണ്ട്. ശേഷം, പുറക് എന്നാണ് أثر ന്റെ മറ്റൊരര്‍ഥം. ഈ ഒടുവില്‍ പറഞ്ഞ അര്‍ഥത്തിലാണ് മിക്ക പണ്ഡിതന്മാരും عَلَىٰٓ ءَاثَٰرِهِمْ എന്ന വാക്കിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. അതായത് കൊടിയ അവിശ്വാസികളുടെ നിഷേധം വകവെക്കാതെ അവരുടെ പിറകെ നടന്ന് വിളിച്ചുകൊണ്ടിരിക്കുക. മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: അവിശ്വാസികളുടെ അവഗണനയും ബഹിഷ്കരണവും പ്രവാചകനില്‍ സൃഷ്ടിച്ച വ്യഥിതാവസ്ഥയെ, സ്വന്തക്കാരും സ്നേഹജനങ്ങളും വിട്ടുപിരിഞ്ഞ ഒരാള്‍ക്ക് അവര്‍ പാര്‍ത്തിരുന്ന സ്ഥലത്തെ അവശിഷ്ടങ്ങള്‍ കാണുമ്പോഴുണ്ടാകുന്ന ഗൃഹാതുരത്വത്തോടുപമിച്ചിരിക്കുകയാണിവിടെ. هَٰذَا ٱلْحَدِيثِ 'ഈ സന്ദേശം' കൊണ്ട് ഉദ്ദേശിക്കുന്നത് ഖുര്‍ആന്‍ ശരീഫാണ്. അല്ലാഹുവിങ്കല്‍നിന്ന് ഉദ്ധരിക്കപ്പെടുന്ന വാര്‍ത്ത എന്ന അടിസ്ഥാനത്തിലാണ് ഖുര്‍ആന്‍ حديث ആകുന്നത്. അല്ലാഹു ഏറ്റം നല്ല സന്ദേശമിറക്കി ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ എന്ന് സൂറഃ അസ്സുമര്‍ 23-ാം സൂക്തത്തിലും ഖുര്‍ആനെ കുറിച്ചു പറയുന്നുണ്ട്.

ഖുറൈശികളുടെ നിഷേധവും ധിക്കാരവും പ്രവാചകനെ പലവിധത്തില്‍ വ്യഥിതനാക്കിയിരുന്നു. തന്റെ നാട്ടുകാരും സ്വന്തക്കാരുമായ ജനങ്ങള്‍ അസത്യവും അധര്‍മവുമാചരിച്ച് ജീവിതം മലീമസമാക്കുകയും അതുവഴി പരലോകത്ത് നരകാവകാശികളാവുകയും ചെയ്യുന്നതിലുള്ള വ്യസനമാണ് ഒന്ന്. അവരുടെ അവിശ്വാസത്തിനു കാരണം പ്രബോധന കാര്യത്തില്‍ തനിക്കു സംഭവിച്ച വല്ല വീഴ്ചകളുമായിരിക്കുമോ എന്നും എങ്കില്‍ അല്ലാഹുവിന്റെ മുമ്പില്‍ താനതിനു മറുപടി പറയേണ്ടി വരുമല്ലോ എന്നുമുള്ള ഭയമാണ് മറ്റൊന്ന്. താന്‍ എത്ര കഠിനമായി പ്രയത്നിച്ചിട്ടും ഫലം കാണുന്നില്ലല്ലോ എന്ന വിചാരവും അദ്ദേഹത്തെ മഥിച്ചുകൊണ്ടിരുന്നു. അതിനു പുറമെ ആളുകളുടെ പരിഹാസവും ശകാരവും പ്രവാചക മനസ്സിനെ വല്ലാതെ വ്രണപ്പെടുത്തിയിരുന്നു. ഇതിനൊക്കെയുള്ള ഏക പരിഹാരം ജനങ്ങളെ എങ്ങനെയെങ്കിലും സത്യവിശ്വാസികളാക്കി മാറ്റുക എന്നതായിരുന്നു. അതിനുവേണ്ടി അദ്ദേഹം ആളുകളെ വിടാതെ പിന്തുടര്‍ന്ന് നടന്ന് പ്രബോധനം ചെയ്തുകൊണ്ടിരുന്നു. പക്ഷേ അവരുടെ നിഷേധാത്മക നിലപാട് അദ്ദേഹത്തെ കൂടുതല്‍ കൂടുതല്‍ ദുഃഖിതനാക്കിയതേയുള്ളൂ. ഈ പരിതസ്ഥിതിയില്‍ അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയാണ്: പ്രവാചകാ, ജനങ്ങള്‍ ഈ ദൈവിക സന്ദേശം സ്വീകരിക്കാന്‍ കൂട്ടാക്കുന്നില്ലെങ്കില്‍ താങ്കള്‍ അത്യുല്‍കണ്ഠയോടെ അവരുടെ പിറകെ നടന്ന് ജീവന്‍ കളയേണ്ടതില്ല. ഇങ്ങനെ നടന്നിട്ടും അവര്‍ വിശ്വസിച്ചില്ലെങ്കില്‍ താങ്കള്‍ മനോവ്യഥയാല്‍ മരിച്ചുപോയേക്കുമല്ലോ. താങ്കളുടെ ഈ ഉല്‍കണ്ഠയും ദുഃഖവും അസ്ഥാനത്താണ്. ആളുകളുടെ സത്യനിഷേധത്തിനും ദൈവധിക്കാരത്തിനും പ്രവാചകന്മാര്‍ ഉത്തരവാദികളാകുന്നില്ല. അതിന്റെ ഉത്തരവാദിത്വം ജനങ്ങള്‍ക്കു തന്നെയാണ്. ദൈവിക സന്ദേശം പ്രഘോഷണം ചെയ്യുക മാത്രമാണ് പ്രബോധകന്മാരുടെ ചുമതല. ഈ ദൗത്യം നിര്‍വഹിക്കേണ്ടവിധം നിര്‍വഹിച്ചിട്ടുണ്ടെങ്കില്‍ ഒരൊറ്റ മനുഷ്യനും വിശ്വസിച്ചില്ലെങ്കിലും അവര്‍ ഉത്തരവാദിത്വം നിര്‍വഹിച്ചവരാകുന്നു. വിശ്വാസികളായവരുടെ ബാഹുല്യത്തെ ആശ്രയിച്ചല്ല പ്രവാചകന്മാരുടെ മഹിമ; പ്രത്യുത ദൈവഭക്തിയില്‍ പുലര്‍ത്തുന്ന നിഷ്കളങ്കതയെയും ഉത്തരവാദിത്വ നിര്‍വഹണത്തില്‍ പുലര്‍ത്തുന്ന ആത്മാര്‍ഥതയെയും നിസ്വാര്‍ഥതയെയും ആശ്രയിച്ചാകുന്നു. അവിശ്വാസികളുടെ നിഷേധത്തെക്കുറിച്ചോ ദൈവധിക്കാരപരമായ നടപടികളെക്കുറിച്ചോ പ്രബോധകര്‍ ചോദ്യം ചെയ്യപ്പെടുകയില്ല. ഇപ്പറഞ്ഞത് എക്കാലത്തെ ദീനീപ്രബോധകരെ സംബന്ധിച്ചും സത്യമാകുന്നു.

**7, 8.** പ്രവാചകനെ സമാശ്വസിപ്പിച്ച ശേഷം മനുഷ്യന്റെ സൃഷ്ടി ലക്ഷ്യം പ്രസ്താവിച്ചിരിക്കുകയാണിവിടെ. നേരത്തെ പറഞ്ഞ, അവിശ്വാസികളുടെ അവഗണനയുടെയും നിഷേധത്തിന്റെയും അടിസ്ഥാന കാരണം അതിലടങ്ങിയിരിക്കുന്നുവെന്നതാണ് ഈ സന്ദര്‍ഭത്തില്‍ ഈ സൂക്തം വന്നതിന്റെ ഔചിത്യം. ഭൂമിയില്‍ അല്ലാഹു സകലവിധ വിഭവങ്ങളും സുഖസൗകര്യങ്ങളും സജ്ജീകരിച്ചു വെച്ചിരിക്കുന്നു. 'ഭൂമിയിന്മേലുള്ളത് അലങ്കാരമാക്കി- جَعَلْنَا مَا عَلَى ٱلْأَرْضِ زِينَةً എന്നാണ് മൂലവാക്യം. ഭൂമിയുടെ ഉപരിതലത്തിലുള്ള വസ്തുക്കള്‍ മാത്രമല്ല ഇതുകൊണ്ടുദ്ദേശ്യം. ഭൂമുഖത്തുള്ളതെല്ലാം എന്നു പറയുന്നതുപോലൊരു പ്രയോഗമാണിത്. ഭൂമിക്കടിയിലും അന്തരീക്ഷത്തിലുമുള്ളതും അലങ്കാരങ്ങള്‍ -സൗന്ദര്യങ്ങള്‍-തന്നെയാണ്. അതിസുന്ദരവും അമൂല്യവുമായ പല ഖനിജ പദാര്‍ഥങ്ങളുമുള്ളത് ഭൂമിക്കുള്ളിലാണല്ലോ. സമതലങ്ങള്‍, സമുദ്രങ്ങള്‍, നദികള്‍, തടാകങ്ങള്‍, മലകള്‍ മരങ്ങള്‍, ഇലകള്‍, പൂക്കള്‍, പറവകള്‍, പാമ്പുകള്‍, കാലികള്‍, ഹിംസ്രജന്തുക്കള്‍ എല്ലാം ഭൂമിയുടെ അലങ്കാരങ്ങളാണ്. സൗന്ദര്യത്തി-جمال-ന്റെ പര്യായമാണ് زينة. സൗന്ദര്യം പദാര്‍ഥങ്ങളില്‍ മാത്രമല്ല. ആശയങ്ങളിലും അനുഭൂതികളിലും വികാരങ്ങളിലുമെല്ലാം സൗന്ദര്യ

മുണ്ട്. മനുഷ്യന്റെ കർമങ്ങളിലും സൗന്ദര്യമുണ്ട്. സൗന്ദര്യം കണ്ടെത്തുന്നതും ആസ്വദിക്കുന്നതും മനസ്സാണ്. ചില സൗന്ദര്യങ്ങളെ നാം അലങ്കാരമെന്നു വിളിക്കുന്നു. ചില തിനെ നന്മയെന്നും. ചിലതിനെ ധർമമെന്നും ചിലതിനെ സത്യമെന്നും ചിലതിനെ നീതിയെന്നും വിളിക്കുന്നു. ബുദ്ധിയും വിവേകവും സർഗാത്മകതയും മനുഷ്യത്വത്തിന്റെ അലങ്കാരങ്ങളാണ്. ഈ അലങ്കാരങ്ങൾ കൊണ്ട് അവന്ന് ഭൂമിയുടെയും തന്റെയും സൗന്ദര്യം പോഷിപ്പിക്കാം. അവന്റെ സമ്പത്തും സന്തതികളും വയലുകളും തോട്ടങ്ങളും കോട്ടകളും കൊട്ടാരങ്ങളും അവൻ നേടുന്ന നേതൃത്വവും സ്ഥാനമാനങ്ങളുമെല്ലാം ഭൂമിയുടെ സൗന്ദര്യത്തിന്റെ പോഷണമാവാം. ശോഷണവുമാവാം. ഭൂമിയുടെ അലങ്കാരങ്ങളെ എങ്ങനെ സമീപിക്കുന്നുവെന്ന് പരീക്ഷിക്കപ്പെടുകയാണ് ഓരോ മനുഷ്യന്റെയും സൃഷ്ടി ലക്ഷ്യം. ഹൃദയ സൗന്ദര്യത്തിന്റെ പോഷണമാണ് സത്യവിശ്വാസം. അതിന്റെ ശോഷണമാണ് സത്യനിഷേധം. വിധാതാവിനാൽ അനുശാസിതമായ സത്യ-ധർമങ്ങൾ അനുഷ്ഠിക്കുന്നവനാണ് കർമണാ സുന്ദരനായവൻ. അതുവഴിയാണ് ഭൂമിയുടെ അലങ്കാരം സംരക്ഷിക്കപ്പെടുന്നതും പോഷിപ്പിക്കപ്പെടുന്നതും. ആ വിധം കർമമനുഷ്ഠിച്ച് അല്ലാഹുവിന്റെ ഖലീഫ-പ്രതിനിധിയായി വർത്തിക്കുന്നവരാരെന്ന് കണ്ടറിയാനാണ് അല്ലാഹു മനുഷ്യനെയും അവൻ വസിക്കുന്ന ഭൂമിയെയും ഈവിധം സുന്ദരമായി നിർമിച്ചിരിക്കുന്നത്. ഒരു പരീക്ഷക്ക് വിധേയരാകുന്ന എല്ലാവരും ഒരുപോലെ വിജയിക്കണമെന്നില്ല, പലരുടെയും വിജയം പല നിലവാരത്തിലായിരിക്കും. ചിലർ തീരെ തോറ്റെന്നും വരും. നിലവാരക്കുറവിന്നും തോൽവിക്കും പരീക്ഷകനോ അധ്യാപകനോ ഉത്തരവാദികളാകുന്നില്ല. പരീക്ഷാർഥികൾ തന്നെയാണതിനുത്തരവാദികൾ. സത്യപ്രബോധകൻ അധ്യാപകന്റെയും ജനങ്ങൾ വിദ്യാർഥികളുടെയും സ്ഥാനത്താണ്. ജനങ്ങൾ പ്രബോധകൻ പഠിപ്പിക്കുന്ന പാഠം തിരസ്കരിച്ച് അവിദ്യ കൈക്കൊണ്ട് ജീവിതം മലിനമാക്കുന്നത് പ്രബോധകന്റെ കുറ്റമല്ല.

ഭൗതിക ലോകത്തിന്റെ ഈ അലങ്കാരങ്ങളും ആനന്ദങ്ങളും ക്ഷണികമാണ്. ഈ മധുരത്തിനുള്ളിൽ തന്നെ കടുംകയ്പ് ഒളിഞ്ഞിരിപ്പുണ്ട്. ഭൗതിക വിഭവങ്ങളും അതു നൽകുന്ന സുഖങ്ങളും ഒരു നാൾ ഈ ഭൂമുഖത്തുനിന്നപ്രത്യക്ഷമാകും. ഭൂമിയെ صعيد جرز ആക്കും എന്നാണ് മൂലത്തിലുള്ളത്. പ്രതലവും മൈതാനവുമാണ് صعيد. വെള്ളവും പുല്ലുമില്ലാത്ത തരിശിടമാണ് جرز. ലോകാവസാനത്തെയാണിതു സൂചിപ്പിക്കുന്നത്. വരുന്ന 47-48 സൂക്തങ്ങളിലും ഈ വിഷയം പരാമർശിക്കുന്നുണ്ട്. ഭൂമിയുടെ അലങ്കാരങ്ങളെല്ലാം അപ്രത്യക്ഷമായാൽ പിന്നെ ഓരോ മനുഷ്യനും ഈ ലോകത്തനുഷ്ഠിച്ച കർമങ്ങളുടെ അലങ്കാരം മാത്രമേ അവനോടൊപ്പമുണ്ടാവൂ. ആ സൗന്ദര്യത്തിന്റെ അളവാണ് അവന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നത്. ഇതൊരു കഠിനമായ പരീക്ഷണം തന്നെയാണ്. ബുദ്ധിയും വിവേചനശേഷിയും വിവേകവും നന്നായി ഉപയോഗിക്കണം. ആസക്തികൾ നിയന്ത്രിക്കണം. അഭിലാഷങ്ങളിലും അഭിനിവേശങ്ങളിലും നല്ലതും ചീത്തയും തിരിച്ചറിയണം. സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽ അടിയുറച്ചു നിൽക്കണം. അതിനു തടസ്സമാകുന്ന സുഖഭോഗങ്ങളും മോഹങ്ങളും ത്യജിക്കണം. ഇതിനൊക്കെ തയാറാകുന്നവർക്കേ ഭൗതിക ജീവിതമാകുന്ന പരീക്ഷയിൽ ജയിക്കാനാകൂ.

ഈ സൂക്തങ്ങൾ രണ്ടു മൗലിക തത്ത്വമുൾക്കൊള്ളുന്നു. കർമാനുഷ്ഠാനത്തിന്റെ പ്രാധാന്യമാണ് ഒന്ന്. അതിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. കർമ ഗുണമാണ് ജീവിതത്തിന്റെ ഗുണവും സാഫല്യവും. കർമദോഷത്താൽ അല്ലെങ്കിൽ കർമനിരാസത്താലാണ് ജീവിതം നിഷ്ഫലമാകുന്നത്. രണ്ട്, ഭൂമുഖത്തുള്ള അലങ്കാരങ്ങൾ-വിഭവങ്ങൾ ഒക്കെയും മനുഷ്യന് കർമം ചെയ്യാനുള്ള ഉപകരണങ്ങളും ഉപാധികളുമാണ്. അവ അറിയുകയും ആസ്വദിക്കുകയും പോഷിപ്പിക്കുകയുമാണ് അവൻ ചെയ്യേണ്ടത്. ഭൗതികമായ ജീവിതാലങ്കാരങ്ങൾ ബോധപൂർവം വർജിച്ച് വൈരൂപ്യവും പ്രാകൃതാവസ്ഥയും സ്വയം പുൽകാൻ ദൈവം ആരോടും കൽപ്പിക്കുന്നില്ല. ഭൗതിക വിഭവങ്ങളുടെയും സ്വന്തം ജീവിതത്തിന്റെയും വികാസം ആവശ്യപ്പെടുന്ന ലൗകിക വ്യവഹാരങ്ങളുപേക്ഷിച്ച് വനാന്തരങ്ങളിൽ ചെന്ന് ധ്യാനനിരതരാകാനും ആവശ്യപ്പെട്ടിട്ടില്ല. അത് ജീവിതമാകുന്ന പരീക്ഷയിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. ജീവിതാലങ്കാരങ്ങളെ ദൈവം അനുശാസിച്ച രീതിയിൽ അനുഭവിക്കുകയും വികസിപ്പിക്കുകയുമാണ് മർത്യധർമം. ■